"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം ജില്ലകളിലെ 200 വാർഡുകളിൽ റോട്ടറി ക്ലബിന്റെ നേതൃത്വത്തിൽ ആവിഷ്കരിച്ചിട്ടുള്ള വിവിധ മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് ജില്ലാ തല ഏകോപന സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**G.O.(Rt)No.2793/2019/LSGD തീയതി,തിരുവനന്തപുരം, 07/12/2019**

---

പരാമർശം:- 1 റോട്ടറി ക്ലബിന്റെ നേതൃത്വത്തിൽ ആവിഷ്കരിച്ചിട്ടുള്ള വിവിധ മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് 05.07.2019-ന് ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ തീരുമാനം

2 ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സന്റെ 06.11.2019-ലെ 1106/A2/HKM/2019 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം ജില്ലകളിലെ 200 വാർഡുകളിൽ വിവിധ മാലിന്യ സംസ്കരണ പദ്ധതികൾ റോട്ടറി ക്ലബിന്റെ നേതൃത്വത്തിൽ ആവിഷ്കരിച്ചിട്ടുണ്ട്. 25000/- രൂപ മുതൽ 50 ലക്ഷം രൂപ വരെ ചെലവ് വരുന്ന വിവിധ പദ്ധതികളാണ് റോട്ടറി ക്ലബ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. ഈ മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് ജില്ലാതലത്തിലും തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിലും ഏകോപന സമിതികൾ രൂപീകരിക്കണമെന്നും റോട്ടറി ക്ലബിന്റെ പദ്ധതികളിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സഹകരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കണമെന്നും ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം ജില്ലകളിൽ 200 വാർഡുകളിൽ റോട്ടറി ക്ലബിന്റെ നേതൃത്വത്തിൽ ആവിഷ്കരിച്ചിട്ടുള്ള വിവിധ മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് ജില്ലാതലത്തിൽ താഴെ പറയും പ്രകാരം ഏകോപന സമിതി രൂപീകരിച്ച്, പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**<u>ജില്ലാതല ഏകോപന സമിതി</u>**

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് - ചെയർമാൻ

ജില്ലാ കളക്ടർ - കോ ചെയർമാൻ

റോട്ടറി ക്ലബിന്റെ പ്രതിനിധി - വൈസ് ചെയർമാൻ

കോർഡിനേറ്റർ, ഹരിതകേരളം മിഷൻ - കൺവീനർ

പദ്ധതി നടപ്പിലാക്കുന്ന തദ്ദേശസ്വയംഭരണസ്ഥാപന മേധാവികൾ – അംഗങ്ങൾ

- പദ്ധതി നടപ്പിലാക്കുന്ന വാർഡുകളിൽ തദ്ദേശസ്വയംഭരണസ്ഥാപന മേധാവി, വാർഡ് മെമ്പർ/കൗൺസിലർ, അസിസ്റ്റന്റ് സെക്രട്ടറി, ഹെൽത്ത് ഇൻസ്പെക്ടർ, റോട്ടറി ക്ലബിന്റെ പ്രതിനിധി എന്നിവർ ഉൾപ്പെട്ട കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.
- മാലിന്യ സംസ്കരണ പദ്ധതിയുടെ നടത്തിപ്പിന് ആവശ്യമായ സ്ഥലം അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർമ്മാണ പ്രവർത്തനങ്ങൾക്കായി റോട്ടറി ക്ലബിന് വിട്ടുനൽകേണ്ടതാണ്.
- റോട്ടറിക്ലബ് നിർമ്മിച്ച് നൽകുന്ന മാലിന്യ സംസ്കരണ ഉപാധികളുടെ തുടർ പ്രവർത്തനങ്ങൾ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടത്തേണ്ടതാണ്
- വാർഡ് തലത്തിൽ നിർമ്മിക്കപ്പെടുന്ന മാലിന്യ സംസ്കരണ ഉപാധികളുടെ തുടർ പ്രവർത്തനങ്ങൾക്ക് വാർഡ്തല ആരോഗ്യപോഷണ സമിതി നേതൃത്വം നൽകണം.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MINI MOL D
JOINT SECRETARY

എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ
ജില്ലാപഞ്ചായത്ത് പ്രസിഡന്റ്, തിരുവനന്തപുരം/കൊല്ലം/പത്തനംതിട്ട/ആലപ്പുഴ/കോട്ടയം ജില്ലാപഞ്ചായത്ത്
ഡിസ്ട്രിക്ട് ഗവർണർ, റോട്ടറി ക്ലബ്ബ്, തിരുവനന്തപുരം/കൊല്ലം/പത്തനംതിട്ട/ആലപ്പുഴ/കോട്ടയം (ഹരിതകേരളം മിഷൻ മുഖേന)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് (പഞ്ചായത്ത്/നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E/G&SSA/E& RSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by SMITHA B CHANDRA
Date: 2019.12.09 11:35:18 IST
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ്–

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്–ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് (റൂറൽ) പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എയ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്